**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4164** **18-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷനുള്ള സംസ്ഥാന വിഹിതത്തിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന് കേന്ദ്ര ഫണ്ടിന് സമാനമായി സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിന്റെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര രൂപയാണെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാത ത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ആയതിനാൽ ജൽജീവൻ മിഷന് കേന്ദ്ര ഫണ്ടിന് ആനുപാതികമായ സംസ്ഥാന വിഹിതം നൽകേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ്റെ കീഴിൽ 44,714 കോടി രൂപയുടെ പദ്ധ തികൾക്കാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 11,140.78 കോടി രൂപ പദ്ധതികൾക്കുവേണ്ടി ചിലവഴിച്ചു. പദ്ധതി 2028 ഡിസംബർ വരെ കാലാവധി നീട്ടിയ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണത്തിനായിട്ട് ആവശ്യമായ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(Rs in Crore)<br><br>see table below |
| (ബി) | ബജറ്റിൽ ഉൾപ്പെടുത്തി ജൽജീവൻ മിഷനു വേണ്ടി എത്ര രൂപ സംസ്ഥാനം ഇതിനകം നൽകിയിട്ടുണ്ടെന്നും ഇനി എത്ര രൂപ നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ജൽ ജീവൻ മിഷന്റെ കീഴിൽ സംസ്ഥാന സർക്കാരിന്റെ 44,714 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ല ഭിച്ചത്. ഇതിൽ 11,140.78 കോടി രൂപ പദ്ധതികൾക്കുവേണ്ടി ചിലവഴിച്ചു. ഇതിൽ സംസ്ഥാന വിഹിതമായി 6033.25 കോടി രൂപ അനുവദിച്ചു. പദ്ധതി 2028 ഡിസംബർ വരെ കാലാവധി നീട്ടിയ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണത്തിനായിട്ട് ഇനി ആവശ്യമായ സംസ്ഥാന വിഹിതം 17,000 കോടി രൂപയാണ്. |
| (സി) | സംസ്ഥാന വിഹിതം നൽകാത്തത് കാരണം ജൽജീവൻ മിഷന് കേന്ദ്രഫണ്ട് ലഭിക്കാത്ത അവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദിച്ച തുക ലഭ്യമാ ക്കുന്നത് രണ്ട് ഇൻസ്റ്റാൾമെൻ്റ് ആയിട്ടാണ്. ഓരോ ഇൻ സ്റ്റാൾമെൻ്റിലെ ഫണ്ടും രണ്ട് ട്രാഞ്ചെ (തവണകൾ) ആയി ട്ടാണ് റിലീസ് ചെയ്യുന്നത്. ഇങ്ങനെ ഒരു വർഷത്തെ ഫ ണ്ട് മൊത്തം നാല് ട്രാഞ്ചെകളായിട്ടാണ് റിലീസ് ചെയ്യുന്നത്. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു ട്രാ ഞ്ചെ കേന്ദ്ര വിഹിതം ലഭ്യമായാൽ അടുത്ത വിഹിതം ലഭിക്കണമെങ്കിൽ സംസ്ഥാനത്തിൻ്റെ ആനുപാതികമായ വിഹിതവും ലഭിക്കണം. |

Table in answer (എ):

| Particulars | 2025-26 | 2026-27 | 2027-28 | 2028-2029 (Till December 2028) | Total |
|---|---|---|---|---|---|
| Central Share | 5,750 | 4500 | 4500 | 2250 | 17,000 |
| State Share | 5,750 | 4,500 | 4,500 | 2,250 | 17,000 |
| Total | 11,500 | 9,000 | 9,000 | 4,500 | 34,000 |

| | | | |
|---|---|---|---|
| | കരാറുകാർക്ക് നൽകാനുള്ള കുടിശിക കാരണം കരാറുകാർ പ്രവൃത്തി നിർത്തിവച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | മാത്രമല്ല ലഭ്യമായ ഫണ്ടുകളുടെ 75% ചെലവാക്കുകയും വേണം. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 2023-24 സാമ്പത്തിക വർഷത്തിലെ രണ്ടാമത്തെ ഇൻസ്റ്റാൾമെൻറിൻ്റെ ആദ്യത്തെ ട്രാഞ്ചെ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയെങ്കിലും സംസ്ഥാനത്തിന് പ്രസ്തുത തുക അനുവദിച്ച് നൽകിയില്ല. മാത്രമല്ല 2024-25 സാമ്പത്തിക വർഷത്തിലെ രണ്ടാമത്തെ ഇൻസ്റ്റാൾമെന്റിന്റെ ആദ്യത്തെ ട്രാഞ്ചെ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും, ഇതുവരെ തുക അനുവദിച്ച് നൽകിയിട്ടില്ല.<br><br>ജൽ ജീവൻ മിഷൻ നടപ്പിലാക്കിയ വകയിൽ കരാറുകാർക്ക് ഇനിയും തുക നൽകാനുണ്ട്. കുടിശ്ശികകൾ ലഭിച്ചില്ലെങ്കിൽ ജൽ ജീവൻ മിഷന്റെ പണികൾ നിർത്തിവയ്ക്കും എന്ന് കരാറുകാർ കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജൽജീവൻ മിഷന് നൽകാനുള്ള സംസ്ഥാന വിഹിതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജൽജീവൻ മിഷന് നൽകാനുള്ള സംസ്ഥാന വിഹിതം യഥാസമയം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ